# കേരള സർവകലാശാല

നം.പി.ആർ.205/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

2019 സെപ്റ്റംബർ 30 ന് ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ലാബ് പരീക്ഷ

ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ജൂലൈ 2019 (സപ്ലിമെന്ററി) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ സെപ്റ്റംബർ 30 ൽ നടത്താനിരുന്ന എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ലാബ് പരീക്ഷ ഒക്ടോബർ 1 ാം തീയതിയിലേക്ക് മാറ്റിയിട്ടുണ്ട്.

ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ജൂലൈ 2019 (സപ്ലിമെന്ററി) ബയോടെക്നോളജി ആന്റ് ബയോകെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ലാബ്/പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 30 നും ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ ലാബ്/പ്രാക്ടിക്കൽ ഒക്ടോബർ 3 നും നടക്കുന്നതാണ്.

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ്, ബി.എം.എസ് ഹോട്ടൽ മാനേജ്മെന്റ് എന്നിവയുടെ പ്രാക്ടിക്കൽ ഒക്ടോബർ 9 മുതൽ 11 വരെ അതത് പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കൺസൾട്ടൻസി സർവ്വീസ്

സർവകലാശാലയുടെ കീഴിലുള്ള അറബി പഠന വകുപ്പിൽ ഡിഗ്രി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, പാസ്പോർട്ട്, വിസ, ഡ്രൈവിംഗ് ലൈസൻസ്, വിവാഹ സർട്ടിഫിക്കറ്റ്, പവർ ഓഫ് അറ്റോർണി, ജനന സർട്ടിഫിക്കറ്റ്, സാലറി സർട്ടിഫിക്കറ്റ്, റെസിഡൻസ് ഐ.ഡി തുടങ്ങിയ ഔദ്യോഗിക രേഖകൾ അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്ന് അറബിയിലേക്കും തർജ്ജമ ചെയ്ത് അറ്റസ്റ്റ് ചെയ്ത് നൽകുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: http://www.arabicku.in/en/consultancy, ഫോൺ: 0471 2308846

തിരുവനന്തപുരം.

28.09.2019



പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**